**Athmaraksha.org**

വിശുദ്ധരുടെ ജീവചരിത്രം

## ഫാ.ജൂണിപ്പെറോ സേറ - പടിഞ്ഞാറിന്റെ സുവിശേഷകൻ



നശിച്ചുപോകേണ്ടിയിരുന്ന നമ്മെ രക്ഷിക്കുവാൻ ക്രൂശിനെ പുൽകിയ തന്റെ ഗുരുവിനെ മനസ്സിൽ ധ്യാനിച്ച് പ്രസംഗപീഠത്തിൽ നിന്നുകൊണ്ട് കൈയിൽ സൂക്ഷിച്ചിരുന്ന ഒരു ഇരുമ്പുചങ്ങല അദ്ദേഹം പുറത്തെടുത്തു. തോളിലെ വസ്ത്രം മാറ്റി. ലോകം മുഴുവൻ നശിച്ചുകൊണ്ടിരിക്കുന്ന ആത്മാക്കൾക്കുവേണ്ടി വേദനകളേറ്റെടുക്കുവാൻ ഉറക്കെപറഞ്ഞുകൊണ്ട് ആ മനുഷ്യൻ സ്വയം പ്രഹരിക്കുവാൻ തുടങ്ങി. ദേഹം പൊട്ടി രക്തമൊഴുകാൻ തുടങ്ങിയിട്ടും അദ്ദേഹം പിന്മാറിയില്ല. ശരീരം വേദനിച്ചപ്പോൾ എല്ലാവരോടും പ്രാർത്ഥിക്കാൻ ആവശ്യപ്പെട്ടു. ലോകം നല്കുന്ന സുഖങ്ങൾ എറിഞ്ഞുകളയാൻ ഉച്ചത്തിൽ ആഹ്വാനം ചെയ്യുന്നുണ്ടായിരുന്നു ആ പ്രസംഗകൻ. ഭക്ഷണത്തിനും സ്ത്രീസുഖത്തിനും പിന്നാലെ പാഞ്ഞുകൊണ്ടിരുന്ന അനേകർ വലിയ ഉച്ചത്തിൽ കരയുവാൻ തുടങ്ങി. അതുകണ്ടപ്പോൾ കൂടെയുണ്ടായിരുന്ന ഒരു സന്യാസി അടുത്തുകണ്ട വടിയെടുത്ത് സ്വയം പ്രഹരിച്ചു. എന്നിട്ട് ഇപ്രകാരം നിലവിളിച്ചു. ഈ വിശുദ്ധനായ വൈദീകനല്ല പ്രഹരമേൽക്കേണ്ടത്. പാപിയായ ഞാനാണ്. ഇങ്ങനെ പലരും തങ്ങൾക്കാവുംവിധം പരിഹാര പ്രവർത്തികൾ ആരംഭിച്ചു. കുറച്ചുകഴിഞ്ഞപ്പോൾ പ്രസംഗകൻ തളർന്നുവീണു. മരിച്ചുപോയെന്ന് പലരും കരുതി. അവിടെവച്ചുതന്നെ അദ്ദേഹത്തിന് അന്ത്യകൂദാശ നൽകപ്പെട്ടു.

ഫ്രാൻസിസ്കൻ സന്യാസിയും മിഷനറിയുമായിരുന്ന ഫാ. ജൂണിപ്പെറോ സേറയുടെ മെക്സിക്കോയിലെ ഒരു ദൈവവചനപ്രസംഗവും അതേത്തുടർന്നുണ്ടായ സംഭവങ്ങളും നേരിൽകണ്ട അദ്ദേഹത്തിന്റെ ജീവചരിത്രകാരൻ എഴുതിയിരിക്കുന്ന വരികളാണിവ. പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ സെപ്റ്റംബർ 22 ന് അമേരിക്ക സന്ദർശിക്കുമ്പോൾ വിശുദ്ധരുടെ ഗണത്തിലേക്കുയർപ്പെടുകയാണ് അമേരിക്കയുടെ മിഷനറിയായിരുന്ന ഈ വ്യത്യസ്തനായ സന്യാസി ഫാ. ജൂണിപ്പെറോ സേറ.

ജൂണിപ്പെറോ സേറയുടെ ജീവിതം പഠിച്ചാൽ തികച്ചും വ്യത്യസ്തമായ ചില അനുഭവങ്ങളാവും നമുക്കുണ്ടാവുക. കാൽനടയായി ആയിരക്കണക്കിന് മൈലുകൾ സഞ്ചരിച്ച് സുവിശേഷം പങ്കുവയ്ക്കാനും പൊട്ടിക്കീറിയ കാലുകളിൽ വ്രണം ബാധിച്ചിട്ടും തളരാതെ അനേകരുടെ

അടുക്കലെത്താനും ശ്രമിച്ച ഒരു മിഷനറി. അനേകർക്ക് ജ്ഞാനസ്നാനം നൽകി ചുറ്റിസഞ്ചരിച്ചതിനുശേഷവും മരണത്തിന് തൊട്ടുമുമ്പ് പ്രായാധിക്യം വകവയ്ക്കാതെ താൻ സഞ്ചരിച്ച ദേശങ്ങളിലൂടെയെല്ലാം പോയി ആറായിരത്തോളം പേർക്ക് സ്ഥൈര്യലേപനം നല്കിയ പുരോഹിതൻ. ഈ യാത്രയിൽ 600 മൈലുകൾ അദ്ദേഹം തുടർച്ചയായി നടന്നുവത്രേ. യാത്രാസൗകര്യങ്ങളുടെ പരിമിതികളെയും കാലാവസ്ഥയുടെ വ്യതിയാനങ്ങളെയും പിന്തള്ളി ഒരു ദേശത്തെ മുഴുവൻ ക്രിസ്തുജ്ഞാനത്താൽ നിറയ്ക്കാൻ ഉദ്യമിച്ച വാഗ്മി.

## ജീവചരിത്രം

സ്പെയിനിലെ മജോർക്ക ദ്വീപിൽ 1713 നവംബർ 24ന് ജനനം. മിഗ്വേൽ ജൊസേ എന്നായിരുന്നു ജൂണിപ്പെറോയുടെ ജ്ഞാനസ്നാന നാമം. പതിനാറാമത്തെ വയസ്സിൽ ഫ്രാൻസിസ്കൻ സഭയിൽചേർന്ന് സന്യാസിയായി. സന്യാസസഭയിൽ വച്ച് ജൂണിപ്പെറോ എന്ന പുതിയ പേരു സ്വീകരിച്ചു. തത്വശാസ്ത്രത്തിൽ ബിരുദം നേടി വിദ്യാർത്ഥികളെ പഠിപ്പിക്കാനാരംഭിച്ചു. പ്രസംഗചാതുര്യവും അത്ഭുതകരമായ ജ്ഞാനവും അനേകം സ്ഥലങ്ങളിൽ പ്രസംഗിക്കാൻ ക്ഷണിക്കുന്നതിനിടയാക്കി. സഭാധികാരികളുടെ ആശീർവാദത്തോടെ മുപ്പത്തിയാറാമത്തെ വയസ്സിൽ, 1749 ൽ അന്നത്തെ പുതിയ ലോകം എന്നറിയപ്പെട്ടിരുന്ന അമേരിക്കൻ ഭൂഖണ്ഡത്തിലേക്ക് ഒരു മിഷനറിയായി യാത്ര. അക്കാലത്ത് പുതിയ രാജ്യങ്ങളിലേക്കും ദേശങ്ങളിലേക്കും മിഷനറിമാരായി പോകുക എന്നത് ഫ്രാൻസിസ്കൻ സന്യാസികളുടെ ജീവിതരീതി തന്നെയായിരുന്നു. കടൽ കടന്നെത്തുമ്പോൾ കുറച്ചു ഫ്രാൻസിസ്കൻ സന്യാസികളും ജൂണിപ്പെറോയുടെ ഒപ്പമുണ്ടായിരുന്നു. ആദ്യം ജൂണിപ്പെറോയും കൂട്ടരും കുറച്ചുകാലം മെക്സിക്കോയിൽ താമസിച്ചു. പിന്നീട് സേറ മാദ്രെ എന്നറിയപ്പെട്ടിരുന്ന ഇന്നത്തെ സാൻ ലൂയിസ് പൊട്ടോസി സംസ്ഥാനത്ത് മിഷനറിപ്രവർത്തനം നടത്തി. ഈ സ്ഥലപ്പേരിൽ നിന്നാണ് ജൂണിപ്പെറോ സേറ എന്ന പേരിന്റെ ഉത്ഭവം. ഒമ്പത് വർഷത്തെ പ്രവർത്തനങ്ങൾക്കുശേഷം തിരികെ മെക്സിക്കോയിലെ സാൻ ഫെർണാണ്ടോ ആശ്രമത്തിലെത്തി ഏഴുവർഷം താമസിച്ചു. 1767 ൽ അമ്പത്തിനാലാമത്തെ വയസ്സിൽ കാലിഫോർണിയയിൽ മിഷൻ പ്രവർത്തനങ്ങളുടെ ചുമതല ഏൽപ്പിക്കപ്പെട്ടു. 1769 ൽ സാൻ ഡിയേഗോയിലെത്തിയ ജൂണിപ്പെറേ, ഒരിക്കൽ മെക്സിക്കോയിലേക്ക് യാത്ര ചെയ്തതൊഴിച്ചാൽ, ജീവിതം മുഴുവനും അവിടുത്തെ ജനങ്ങൾക്കുവേണ്ടി തന്റെ ജീവിതം സമർപ്പിച്ചു.

## പാലോ എന്ന കൂട്ടുകാരൻ

ജൂണിപ്പെറോയുടെ ജീവചരിത്രവും ഏറെ ഹൃദയസ്പർശിയായ ജീവിതവിവരണങ്ങളും നമുക്ക് ലഭിക്കുന്നത് പാലോ എന്ന പേരുള്ള ഫ്രാൻസിസ്കൻ സന്യാസിയുടെ എഴുത്തുകളിൽ നിന്നാണ്. മജോർക്കയിൽ നിന്നുതന്നെയായിരുന്നു പാലോയും. കോളേജ് പഠനകാലംമുതൽ മരണക്കിടക്കയിൽ അവസാനനിമിഷംവരെ പാലോ അദ്ദേഹത്തിന്റെ നിഴലായി കൂടെയുണ്ടായിരുന്നു. മിഷൻപ്രവർത്തനങ്ങളിലും സജീവ പങ്കാളിത്തം വഹിച്ചിരുന്നു. അന്ന് ജൂണിപ്പെറോയുടെ കൂടെ സഞ്ചരിച്ച പാലോ എഴുതിയ ജീവചരിത്രത്തിൽ ധാരാളം ജീവിതാനുഭവങ്ങളും മിഷനറിമാരുടെ കരളലിയിക്കുന്ന ത്യാഗങ്ങളും കാണാം. ജൂണിപ്പെറോയുടെ മരണക്കിടയ്ക്കടുത്ത് പാലോ ഉണ്ടായിരുന്നു. കോളേജ് പഠനകാലം മുതൽ അവസാനനിമിഷം വരെ നാല്പതു വർഷം നീണ്ട ആത്മബന്ധം.

## ജീവിതം എന്നാൽ?

ചുരുങ്ങിയ വാക്കുകളിൽ ജീവിതം എന്താണെന്ന് ജൂണിപ്പെറോ തന്റെ പ്രസംഗങ്ങളിൽ പലപ്പോഴും വ്യക്തമാക്കിയിരുന്നു. നിത്യനാശം ഒരു വശത്തും നിത്യരക്ഷ മറുവശത്തുമായുള്ള ഒരു പരിശീലനയാത്രയാണ് ജീവിതം. ഭൂമിയിൽ പറയത്തക്ക ആനന്ദം കൊടുക്കുന്നതായി യാതൊന്നുമില്ല. ആത്മാവ് ഒരിക്കലും സ്വന്തം ഗേഹമായി ഈ ലോകത്തെ കാണരുത്. ഈ ലോകത്തിലെ എല്ലാ സന്തോഷങ്ങളെയും ജൂണിപ്പെറോ നിരാകരിച്ചു. നശിച്ചുകൊണ്ടിരിക്കുന്ന ആത്മാക്കളെക്കുറിച്ചുള്ള വേദനയാൽ പലപ്പോഴും ചിരിക്കാൻ മറന്നുപോയ മനുഷ്യൻ. ആത്മകഥയിൽ എഴുതിച്ചേർക്കാവുന്ന പ്രാധാന്യമുള്ള യാതൊരു സന്തോഷവും ജൂണിപ്പെറോയുടെ ജീവിതത്തിലുണ്ടായിരുന്നില്ല. ലോകത്തിൽ ആകർഷകമെന്ന് പലരും

പറഞ്ഞുകേൾക്കുന്നതൊന്നും സ്വർഗ്ഗത്തെ ലക്ഷ്യമാക്കിയുള്ള ജൂണിപ്പേറോയുടെ യാത്രയിൽ പ്രലോഭനങ്ങളായിരുന്നില്ല. അവയെക്കുറിച്ചൊന്നും സംസാരിക്കാൻ പോലും ഈ ഫ്രാൻസിസ്കൻ സന്യാസി ഇഷ്ടപ്പെട്ടില്ല. സന്തോഷത്തിൽനിന്ന് ഓടിയൊളിക്കുക മാത്രമല്ല, വേദനയെ സ്നേഹിക്കാനും പരിഹാരപ്രവൃത്തികളെ അദമ്യമായി ആഗ്രഹിക്കാനും അദ്ദേഹം സമയം കണ്ടെത്തി. മാംസമോ, വീഞ്ഞോ ഭക്ഷണത്തിന്റെ കൂടെ ഉൾപ്പെടുത്തിയില്ല. രുചികരമായതൊന്നും കഴിച്ചിരുന്നില്ല. ഈ ലോകജീവിതത്തിന്റെ ആസ്വാദ്യത എന്തെന്ന് രുചിച്ചുനോക്കാൻപോലും നിൽക്കാതെ കടന്നുപോയ താപസനായിരുന്നു ജൂണിപ്പെറോ സേറ.

## മിഷൻ

ഒരിക്കൽ മെക്സിക്കോയിലെ ഹ്വാസ്തെക്ക പ്രദേശത്തുകൂടി മിഷനറിമാരൊടൊപ്പം സഞ്ചരിക്കുകയായിരുന്നു ജൂണിപ്പെറോ. ദൈവവചനം കേൾക്കുവാൻ ഒരു ഗ്രാമത്തിലെ ആളുകളാരും തയ്യാറായില്ല. സകലരും മിഷനറിമാരെ ആട്ടിയോടിച്ചു. എന്നാൽ മിഷനറിമാർ ആ പ്രദേശത്തുനിന്ന് കടന്നുപോയപ്പോൾ വലിയൊരു പകർച്ചവ്യാധി അവിടെ പടർന്നുപിടിച്ചു. ദൈവവചനത്തെ നിരാകരിച്ചവർക്കുള്ള ശിക്ഷയായി ജനങ്ങൾതന്നെ ഇതിനെ വ്യാഖ്യാനിച്ചു. അടുത്ത ഗ്രാമങ്ങളിലേക്കും ഈ വാർത്ത പരന്നു. അനേകർ ദൈവവചനം കേൾക്കുവാനായി ഓടിയെത്തിത്തുടങ്ങി. പിന്നീടുള്ള യാത്രകളിൽ മിഷനറിമാർക്ക് കാര്യങ്ങൾ എളുപ്പമായി. ഇത്തരം പല സംഭവങ്ങളും പാലോയുടെ എഴുത്തുകളിൽ കാണാം.

കാലിഫോർണിയയിലെ സ്പാനിഷ് മിഷനുകളുടെ സ്ഥാപകൻ ജൂണിപ്പെറോ സേറയാണ്. 21 സ്പാനിഷ് മിഷനുകൾ കാലിഫോർണിയയിൽ ഉണ്ടായിരുന്നതായി ചരിത്രരേഖകളിൽ കാണാം. ജനങ്ങളെ പാപബോധത്തിലേക്ക് നയിക്കാൻ കല്ലുകൊണ്ട് ഹൃദയത്തിൽ മുറിവേൽപ്പിച്ചും, കത്തുന്ന തിരി സ്വന്തം മാറോട് ചേർത്ത് പൊള്ളലേൽപ്പിച്ചും അദ്ദേഹം അവരുടെ മുമ്പിൽ സാക്ഷിയായി ശരീരത്തിന്റെ വാസനകളെ തെല്ലും വിലകൊടുക്കാതെ അവഗണിക്കണമെന്നും അദ്ദേഹം ഉദ്ബോധിപ്പിക്കുമായിരുന്നു. സ്പാനിഷ് ചരിത്രത്തിൽ, വെട്ടിപ്പിടിക്കാനുള്ള ത്വരയോടുകൂടി വന്ന പട്ടാളക്കാരുടെ പീഡനങ്ങളും മിഷനറിമാരുടെ പ്രവർത്തനങ്ങളും പലപ്പോഴും ഇടകലർന്ന് തെറ്റിദ്ധരിപ്പിക്കപ്പെട്ടിട്ടുണ്ട്. പട്ടാളക്കാരുടെ പീഡനങ്ങളും മിഷനറിമാർ ആഹ്വാനം ചെയ്ത പരിഹാരപ്രവൃത്തികളും ദൈവശാസ്ത്രമോ വിശ്വാസമോ പോലും ബലപ്പെടാത്ത, ആഴപ്പെടാത്ത ആ കാലഘട്ടത്തിൽ വലിയ തെറ്റിദ്ധാരണകളുണ്ടാക്കി. പല ദുഷ്ടശക്തികളും ഇവയെ മുതലെടുക്കുകയും ചെയ്തു. സന്യാസത്തിന്റെ ആവൃത്തിക്കുള്ളിൽ അനുഷ്ഠിക്കപ്പെടേണ്ട പരിഹാരങ്ങൾ ജനങ്ങളുടെ ജീവിതത്തിൽ അടിച്ചേൽപ്പിച്ചതിനെതിരെയും ആക്ഷേപങ്ങൾ ഉയർന്നിട്ടുണ്ട്. ദൈവം അനുവദിക്കുന്നവയിൽ നിന്ന് മാറി സ്വയം അനുഭവിക്കുന്ന വേദനകൾ എത്രകണ്ട് ഒരു വ്യക്തിയുടെ ആത്മീയജീവിതത്തിൽ അനുഗ്രഹപ്രദമാകും എന്നുള്ള ദൈവശാസ്ത്ര സംവാദങ്ങളും പിന്നീട് ചൂടുപിടിച്ചു. എന്നിരുന്നാലും സ്പാനിഷ് ജനതയുടെ സുഖലോലുപതയോടുള്ള ഭ്രമം, ഭക്ഷണക്കൊതി ഇതൊക്കെ മാറുവാൻ ശരീരത്തിലുള്ള പരിഹാരപ്രവൃത്തികൾ ആവശ്യമായിരുന്നെന്നും മനുഷ്യന്റെ പരിഹാരപ്രവൃത്തികൾ ക്രിസ്തുവിന്റെ പീഡാനുഭവങ്ങളോട് ചേർത്തുവയ്ക്കുമ്പോൾ രക്ഷാകരമാകുമെന്നും ദൈവശാസ്ത്രജ്ഞർ ന്യായീകരിക്കുന്നു.

ദൈവം വഴിനടത്തിയ സംഭവങ്ങളെക്കുറിച്ച് പല രേഖകളിലും മിഷനറിമാർ അനുസ്മരിക്കുന്നുണ്ട്. ഒരിക്കൽ ജൂണിപ്പെറോയും മിഷനറിമാരും തങ്ങളുടെ പകലന്തിയോളമുള്ള കഠിനാധ്വാനം കഴിഞ്ഞ് വിശ്രമിക്കാൻ സ്ഥലം കണ്ടെത്താതെ ഒരു തെരുവിൽ കഴിയുകയായിരുന്നു. തെരുവിൽ ഉറങ്ങാൻ ഒരുങ്ങവേ, അവരെ വൃദ്ധരായ രണ്ടു വ്യക്തികളെത്തി പരിചയപ്പെടുകയും തങ്ങളുടെ ഭവനത്തിലെത്തി ഭക്ഷണം കഴിച്ച് വിശ്രമിക്കാൻ ആവശ്യപ്പെടുകയും ചെയ്തു. വളരെ ഹൃദ്യമായിരുന്നു അവരുടെ സ്വീകരണവും ഇടപെടലും. പിറ്റേദിവസം സുവിശേഷപ്രഘോഷണം കഴിഞ്ഞ് വീണ്ടും സന്യാസികൾ അവിടെയെത്തിയെങ്കിലും ഈ വീടോ ആ വ്യക്തികളോ അവിടെ ഉണ്ടായിരുന്നില്ല. ഗ്രാമവാസികളോട് ചോദിച്ചപ്പോൾ അങ്ങനെ ഒരു ഭവനമോ വീടോ ദമ്പതിമാരോ അവിടെ ഇല്ലെന്ന് എല്ലാവരും സാക്ഷ്യപ്പെടുത്തി. ഈ അനുഭവം സന്യാസികളുടെ ജീവിതത്തിലുണ്ടായ വളരെ വലിയൊരു അത്ഭുതമായിരുന്നു. കാരണം, തങ്ങൾ തലേദിവസം കിടന്നുറങ്ങിയ

സ്ഥലത്ത് ഒരു വീടുണ്ടായിരുന്നതിന്റെ ലക്ഷണം പോലും സന്യാസികളിലാർക്കും കണ്ടെത്താനായില്ലത്രേ.

ജീവിതസായാഹ്നം

യാത്രാവിഷമങ്ങൾ കൂടാതെ, ഏതോ വിഷമുള്ള ജീവി കടിച്ചതിന്റെ ഭാഗമായി കാലിൽ വലിയൊരു വ്രണവും പേറിയായിരുന്നു ജൂണിപ്പേറോയുടെ ജീവിതത്തിലെ ഭൂരിഭാഗവുമുള്ള യാത്രകൾ. രാഷ്ട്രീയം ലക്ഷ്യമിട്ട അനേകരുടെ പ്രവർത്തനങ്ങൾ അദ്ദേഹത്തിന്റെ മിഷനറി പ്രവർത്തനങ്ങൾ ദുഃഷ്കരമാക്കുകയും ചെയ്തു. കാലിഫോർണിയയുടെ ചരിത്രത്തിലേക്ക് മിഷനറി പ്രവർത്തനവുമായി വന്നപ്പോൾ തദ്ദേശിയരായ ജനങ്ങളുടെ ജീവിതരീതികളെ മാനിച്ചില്ല എന്ന ആക്ഷേപവും ഉയരുന്നുണ്ട്. എന്നിരുന്നാലും പള്ളിയും, പരിസരവും തെരുവുകളും വൃത്തിയാക്കുവാൻ സ്വയം ഇറങ്ങിത്തിരിച്ച ഒരു മിഷനറിയായിരുന്നു ജൂണിപ്പെറോ. സുവിശേഷ പ്രഘോഷണത്തിന്റെ ഭാഗമായിത്തന്നെ തെരുവിലെ മാലിന്യങ്ങൾ നീക്കുന്ന ജോലിയിലും അദ്ദേഹം ഏർപ്പെട്ടിരുന്നു. മാത്രമല്ല, സ്പാനിഷ് മിഷനറിമാർ എത്തിയതിനുശേഷം 150 വർഷത്തിനുള്ളിൽ ഏകദേശം ഒരു ലക്ഷത്തോളം പള്ളികളെങ്കിലും പുതിയ ലോകം എന്നു വിളിക്കപ്പെട്ടിരുന്ന അമേരിക്കൻ ഭൂഖണ്ഡത്തിൽ സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. എന്നതും ഒരു വസ്തുതയാണ്. കാലിഫോർണിയയിലെ ഇന്ന് പേരുകേട്ട പല നഗരങ്ങളും സ്പാനിഷ് മിഷന്റെ ബാക്കിപത്രമാണ്.

ഒരു മിഷനറി എന്നതിനേക്കാൾ ഉപരിയായി, നല്ലൊരു മനുഷ്യനായിരുന്നു അദ്ദേഹമെന്നതിനും ജനങ്ങൾക്ക് രണ്ടുപക്ഷമുണ്ടയിരുന്നില്ല. മൊന്തേരിക്കടുത്ത് കാർമ്മലിലെ അദ്ദേഹംതന്നെ സ്ഥാപിച്ച സാൻ കാർലോസ് ബൊറോമിയോ മിഷനിൽ വച്ച് 1784 ഓഗസ്റ്റ് 1 ന് തന്റെ നിത്യസമ്മാനം വാങ്ങുവാനായി ജൂണിപ്പെറോ യാത്രയായി. എഴുപത്തിയേഴ് വയസ്സായിരുന്നു. ജൂണിപ്പെറോയുടെ മരണസമയത്ത് അനേകർ ആ കല്ലറ സന്ദർശിക്കാനെത്തി. പലരും കണ്ണീർപൊഴിക്കുകയായിരുന്നു. അവർക്ക് അദ്ദേഹം ചെയ്ത നന്മകളോർത്ത്. മറ്റു പലരും പതിയെ പറഞ്ഞു. അദ്ദേഹം ഒരു വിശുദ്ധനാകും. കാരണം അത്തരമൊരു ജീവിതമായിരുന്നു അദ്ദേഹത്തിന്റേത്. ജീവിക്കുന്ന രക്തസാക്ഷിയിത്തീർന്ന വൈദീകനായിരുന്നു ഫാ. ജൂണിപ്പെറോ. കാലിഫോർണിയ യൂണിവേഴ്സിറ്റിയിലെ ചരിത്ര ഗവേഷകൻ പ്രൊഫസർ റൂബൻ മെൻഡോസ പറയുന്നു.

1988 ൽ വിശുദ്ധ ജോൺ പോൾ രണ്ടാമൻ പാപ്പാ ജൂണിപ്പെറോയെ വാഴ്ത്തപ്പെട്ടവരുടെ ഗണത്തിലേക്കുയർത്തി. കഴിഞ്ഞ ജനുവരി മാസത്തിൽ ഫ്രാൻസിസ് മാർപ്പാപ്പ അദ്ദേഹത്തെ 'പടിഞ്ഞാറിന്റെ സുവിശേഷകൻ' എന്ന ബഹുമതിയോടെയാണ് അഭിസംബോധന ചെയ്തത്.

ആത്മാക്കളെ തരിക...എന്റെ സർവ്വവും എടുത്തുകൊൾക

വിശുദ്ധരുടെ മാതൃകകൾ ജീവിതത്തിൽ പകർത്താൻ ദൈവമേ കൃപ തരണേ.